रिहान और कारतिक उसे बहुत परेशान करते है आखिर कार परिनसिपाल साब को आना पठा ।

" रिहान"  कोलज सबकि यार था वो सबके दिल में बसते थे और रिहान सबसे बडे बिसिनस मैंन का एक लौता बैठा था । सारी लडकियां रिहान पर फिदा था ।जैसे कि इशिका हि होगि वो एक लडकि जो पूरी कालज में उसे नफरत करता था ।

इशिका को परिनसिपाल साब से बहुत डाट पठी जब की गलती उसकी थी ही नही ।और जैसे कि रिहान को कुछ नही कहा ।परिनसिपाल साब दोनों को वापस जाने केलिए कहते है ।

रिहान: रुको!  इसबार तो तुम बच गई, अगलीबार हम तुमे नही छोडेगे । मुझसे दुशमनी तुमे बहुत बारी पडेगी ।

इशिका: अभे जा ।मैं किसी से नही डरते ।

उसकी आज की दिन बहुत भूरा चला ।उसने सब कुछ अपनी पिता को बताने के बिरे मैं सोचता है

तब वो जानति है कि किसि किरण उसकिी पिता को शहर से जाना पठा ।

इशिका के पिता किसि से कम नही था ।वो भि शहर कि जाने- माने आदमी थी ओर इशिका के परे वार में सब उसे नफरत करते थे ।क्योकी वो अपनी पिता की नाफायस औलाद था ।उसकी जन्म कि दो दिन बाद हि उसकी माँ चल बसी मानाकी उसकी पिता की दूसरी पतनी की बैठी थी पर उसकी पिता उसकी माँ से बहुत प्यार करता था ।छह साल की बाद यहा सिरफ अपनी परिवार से मिलने आयि थी लेकिन उसकि नसीब में शायद भगवान प्यार के बारे में लिखा ही नही है ।उसकी बचपन भी वो अकेले सिरफ तनहाई और अकेलापन से गुज़िरा है उसने प्यार सिरफ फिलमों में देखा है ।

ज़िदंगी उसे हर मोड़ पर सिर्फ अकैलापन हि दिया है ।उसकी ज़िदंगी कुछ ऐसी थी की वो भी अपनी माँ की तरह किनसर मरीज है और डोकटर ने उसे कहा था की उसकी ज़िदंगी सिर्फ बीस, इक्कीस तक ही था ।अब वो अठारह साल की है ।बस उसकी ज़िदंगी तीन, चार साल ही था और वो चाहती थी की वो उस साल खूब मसती से काटे ।

कालज की दूसरी, तीसरी लगबग एक महीना वो सिर्फ झगडे से गुज़ारी । अचानक एक दिन उसे बदले केलिये रिहान और उसकी साथ पूरी कालज और वो एक लडकी उसकी ऊपर टमाटर ,अंठा सब फैंक ते है । उसे बहूत दर्द देती है और सब चला जाता है और रिहान वहा खडा तमाश देखता है । फिर वो अचानक गिर पडती है ।रिहान को लगा की वो इस

कर रही है ।दो तीन मिनट की बाद वो पास चलते है और देखते है की उसकी नाक से खून आया हुआ ।उसे जलदी असपताल लेके जाता हे और वहाँ से रिहान समझ जाता हे की उस कानसर है ।उसे फिर बचाने केलिये डोकटर रिहान माँगता है ।इशिका की बाकी दिन वो असपताल में बिता ति है ।लगबग चार महीना तब थक रिहान और इशिका दुशमन से दोस्त बन्ते हृ ।रिहान ने उसे दोस्ती का हाथ बडाया ।फिर बहुत दिन ऐसे कडे जैसे वो कालज आयी लडकियि सब एक साथ आकर कुछ नीचा दिखाने लगे वो कहने लगे कि इशिका एक अनाद और अनपट है वो बातों से सबको फसि रही है ऐसा सब कुछ ।

एक दिन जब वो गर जा रही थी तब उसे कुछ गुडे चेडने आते हे ।तब रिहान उसे बचाती है ।

जैसे ही रिहान की और इशिका की दौसती आगे बडती है वो आखिर मे प्यार मे बदल जाते हे ।वो प्यार मे बदलते हे लेकिन जैसे माँ की तरह उसे भी मरना था, एक दिन जब वो दोनो चलते है कबी एक कार आकर इशिका को डोक दिया ।

उसकी ज़िदंगी मै शायद प्यार था ।लेकिन वो ज़्यादा टीकेंगा नहीं ।

# മലയാളം

# അച്ഛൻ

ഉമ്മറവാതിലിൽ ചിതറിക്കിടക്കുന്ന
കളിപ്പാട്ടങ്ങൾ ഓർമ്മയെന്നച്ഛൻ
ഊഞ്ഞാലി ആടികളിക്കുമ്പോഴും
ദൂരെ നിന്നെന്നെ നോക്കി ചിരിക്കുന്നൊരച്ഛൻ
അടുത്തെത്തുമ്പൊഴെന്തിനായ് എന്നിൽ -
നിന്നോടിയകലുന്നെന്നച്ഛൻ?
എന്നിൽ നിന്നെന്തിനായ് ഓടിഅകുലുന്നെന്നച്ഛൻ
മറ്റുള്ള കുട്ടികൾ നോക്കിച്ചിരിക്കെ,
അവർ അച്ഛനോടൊത്ത് കളിച്ചുനടക്കെ
ഞാനും കൊതിക്കുന്നൊരുനോക്കു കാണാൻ
ആ കൈയിൽ പിടിച്ചൊന്നു പിച്ച വയ്ക്കുവാൻ
എന്നെങ്കിലും എന്നെ ഒരു നോക്ക് കാണാൻ
എനിക്കൊരു നോക്കു കാണാൻ
വരുമോയെന്നച്ഛൻ ?
എന്നെൻ അച്ഛൻ എന്നരികിലെത്തും ?

-ഐശ്വരിയ ടി.ടി

# തീത്തണപ്പുകൾ



കൃഷ്ണ ബി. എസ്

എരിഞ്ഞടങ്ങുംമുമ്പേ
ആളിക്കത്തുന്ന തീയിനെക്കുറിച്ച്
നിങ്ങൾക്കറിയാമായിരിക്കും.
എന്നാൽ,
കെട്ടുപോയിരുന്നെങ്കിലെന്ന് കൊതിച്ചിരുന്ന
ഒരു നാളത്തെക്കുറിച്ച്
നിങ്ങൾ കേട്ടിട്ടുണ്ടോ ?

പൂത്തുലഞ്ഞ വഴികളിലൂടെ
വെറുതേ നടക്കാൻ
പണ്ടൊക്കെ, എനിക്കിഷ്ടമായിരുന്നു.
ചെമ്പോത്തിനെ കാണുമ്പോഴെല്ലാം
പച്ച പിടിക്കാൻ നീണ്ട
എന്റെ കൈകൾ,
അങ്ങനെയുവള്ള കുറേ മ-
ധുരങ്ങളായിരുന്നു
എന്റെ അസ്ഥിത്വം.

കാലിടറിയതെവിടെയാണെന്ന്
എനിക്കിപ്പോഴുമറിയില്ല.

കാഴ്ചയ്ക്കപ്പുറമുള്ള സ്വപ്നങ്ങൾ
ഞാൻ വരച്ചുണ്ടാക്കിയതിൽ അസൂയമൂത്ത്
നിങ്ങളെന്നെ ഭ്രാന്തനാക്കി പ്രതിഷ്ഠിച്ചു.
പൂജയില്ലാത്ത പ്രതിഷ്ഠ.
ശരിയാണ്,
വായില്ലാക്കുന്നിലപ്പന്മാർക്കേ
പൂജയും നിവേദ്യവുമുള്ളൂ.

കണക്കുകൾ പിഴച്ച
ഒരു വലിയ വട്ടപ്പൂജ്യമായാണ്
ഞാനന്നുനിന്റെ മുന്നിൽ നിന്നത്.
എനിക്കില്ലാതാവണമായിരുന്നു.
സ്വയം ക്രൂശിക്കാൻ
ഒരു കുരിശുതേടി ഞാനലഞ്ഞു.
മരണത്തോട് പ്രണയം തോന്നിയവന്റെ
മാനസികാവസ്ഥ
നിങ്ങൾക്കൂഹിക്കാമോ?

നിന്റെ കണ്ണുകളിലെ തണുപ്പ്
എന്റെ ഹൃദയത്തിലാണ് പടർന്നത്.
ഒന്നും മിണ്ടിയില്ലെങ്കിലും,
നിന്റെ മൗനം
എന്നോട് വാതോരാതെ വർത്തമാനം പറഞ്ഞു.
അഴിഞ്ഞുപോകാൻ തുടങ്ങിയ എന്നെ
നീ കൂട്ടിക്കെട്ടുകയായിരുന്നു.

പ്രിയപ്പെട്ട സുഹൃത്തേ,
നന്ദി.
മൃതിയുടെ മരവിച്ച കൽപ്പടവുകളിൽ നിന്ന്
എന്നെ കൈപിടിച്ച് കൂട്ടിക്കൊണ്ടുവന്നതിന്.
ഉരുണ്ട ഇടനാഴികളിൽ
തെളിഞ്ഞു കത്തുന്ന വഴിവിളക്കായതിന്.
നിന്റെ  നാളത്തിന്റെ നേരിയ ചൂട്
എല്ലാവരിലും പടർത്തുക.
പ്രതീക്ഷയുടെ തീനാളങ്ങൾകൊണ്ട്
നിരാശയുടെ മഞ്ഞുരുക്കുക.
ഇവിടെ, ഈ ഇങ്ങേക്കോണിൽ
ഞാനൊരു പുതിയ തിരി കൊളുത്തട്ടെ.

# വിദ്യാഭ്യാസരംഗത്ത് കേരളം മാതൃക

സാക്ഷരതയിൽ അഭിമാനിക്കുന്ന നാടാണ് കേരളം. ജനകീയ കൂട്ടായ്മയിലൂടെ സമ്പൂർണ്ണസാക്ഷരത കൈ-വരിച്ച നമ്മൾ ലോകത്തിന്മാതൃകയായി. ഇന്ന് സ്കൂൾവിദ്യാഭ്യാസരംഗത്തെ മികവിൽ കേരളം ഒന്നാമതെത്തിയിക്കുന്നു. വിദ്യാഭ്യാസഗുണനിലവാരത്തിന്റെ കാര്യത്തിൽ ഏറ്റവും മികച സംസ്ഥാനമായി കേരളം തിരഞ്ഞെടുക്കപെട്ടു. അകാദമികനിലവാരവും അടിസ്ഥാനസൗകര്യങ്ങളും മെച്ചപ്പടുത്തി വിദ്യാലയങ്ങളെ ആധുനീകരിക്കാനുള്ള നമ്മുടെ ശ്രമങ്ങൾ ഫലവത്താകുന്നു.

നീതി ആയോഗ് പുറത്തുവിട്ട സ്കൂൾ എഡ്യുക്കഷൻ ക്വാളിറ്റി ഇൻഡക്സ് 2019 പ്രകാരം സക്കൂൾ വിദ്യഭ്യാസ ഗുണനിലവാരത്തിന്റെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. പൊതുവിദ്യഭ്യസ സംരക്ഷണയത്തിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ട് പോവുന്നതിന്റെ തെളിവാണ് സംസ്ഥാനത്തിന് ലഭിച്ച ഈ നേട്ടം. നമ്മുടെ വിദ്യാലയങ്ങൾ അക്കാദമിക മികവിന്റെ ഉത്തമകേന്ദ്രങ്ങളായി മാറിക്കഴിഞ്ഞു ഹൈടക്ക് വിദ്യാലയങ്ങൾ അറിവിൻെ പുത്തൻ മേഖലകളിലേക്ക് നമ്മെ നയിക്കുന്നു. പാഠപു വായിക്കുന്നേതോടൊപ്പം കാണാനും കേൾക്ക

സൗകര്യ മൊരുക്കുന്ന QR കോഡ് പാഠപുസ്തകത്തിൽ ഉൽപ്പെടുത്തി. ഒരു സ്മാർട്ട് ഫോണിന്റേയോ ടാബിന്റെയോ സഹാഹായത്തോടെ ക്യൂ.ആർ.കോഡ് സ്കാൻ ചെയ്ത് ചിത്രങ്ങളും വീഡിയോയും കാണാം. ദൃശ്യങ്ങൾ സ്മാർട്ട് ക്ലാസ്സുമുറിയിലെ LCD പ്രൊജക്ടറിലൂടെ സ്ക്രീനിൽ പ്രദർശിപ്പിക്കാം. വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഈ അനുഭവം എന്നും മനസ്സിൽ തങ്ങി നിൽക്കും. ഐ.സി.ടി പഠനത്തിന്റെ കൂടുതൽ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ലിറ്റിൽ കൈറ്റ് ക്യുബുകൾ വളരെയേറെ സഹായകമാണ്

-

അവന്തിക സുനീഷ്

X c

# ഒരു ഭ്രാന്തിയുടെ കിറുക്കുകൾ



ദിയ നഫ്സ

ഇതൊരു സാഹിത്യസൃഷ്ടിയല്ല. കാരണം ഇതൊരു ഭ്രാന്തിയുടെ കിരുക്കുകളാണ്. മനസ്സിൽ തോന്നിയതെന്തൊക്കെയോ അക്ഷരങ്ങളാക്കി എഴുതിയവ .പേനയോട് ചങ്ങാത്തതിലല്ലാത്തതിനാൽ ഈ ചിന്തകൾ പലപ്പോഴും മനസ്സിൽ വന്നെങ്കിലും എഴുതിയില്ല .എന്റെ ചിന്തകൾ അല്ല കിറുക്കുകൾ മനസ്സിൽ കിടന്ന് എന്നെ അലട്ടാൻ തുടങ്ങിയതോടെ ഞാൻ തീരുമാനിച്ചു എന്റെ കിറുക്കുകൾ വാക്കുകളും വാക്കുകളും വാക്യങ്ങളുമാക്കണമെന്ന്.

ആദ്യം ഞാനെന്റെ ജീവിതത്തെക്കുറിച്ചുളള നിർവചനമെഴുതാം.ഏതൊരുവനും ഏതൊരുവളെയും മുന്നൊട്ടു കൊണ്ടു പോകുന്ന സാഹചര്യം. ഇതാണെന്റെ ജീവിതത്തെക്കുറിച്ചുള്ള നിർവചനം. ഞാനാദ്യമേ പറഞ്ഞു ഇതെന്റെ കിറുക്കുകളാണെന്ന്. നിങ്ങൾക്കിതിലെന്തെങ്കിലും വിരോധം തോന്നുന്നുണ്ടെങ്കിൽ അത് സ്വാഭാവികമാണ്. എനിക്ക് ജീവിതം അനന്തമാണ്. ആ അനന്തവിഹായസ്സിലേക്ക് പറന്നുയരാൻ ഞാൻ ആഗ്രഹിക്കുന്നു. പട്ടം പോലെ പറന്നുയരാൻ ആഗ്രഹമുണ്ട്. പക്ഷേ അനുഭവമാകുന്ന മരച്ചില്ലകൾ അതിന് തടസ്സമാകുന്നു.

പലർക്കും മരച്ചില്ലകൾ തട്ടി. ഞങ്ങൾ ആഗ്രഹിക്കുന്നിടത്ത് എത്താൻ സാധിക്കുന്നില്ല. പലരുടെയും ജീവൻ പൊലിയുന്നു. മറ്റുചിലർ ജീവിതം മടുത്ത് സ്വയം ഭൂമിയോട് വിടപറയുന്നു. ജീവിതം എന്ന അനന്തവിഹായസ്സിലേക്ക് എത്തുമെന്നൊരുറപ്പും ദൈവം നമ്മുക്ക് നൽ കുന്നില്ല.ജീവിതം ഇതിനിടയിലൊക്കെ നടന്നുകൊണ്ടിരിക്കും. ജീവിതവിജയത്തിലെന്നു നാം എത്തുന്നുവോ അന്ന് നാം ആ വിഹായസ്സിലെത്തിയിരിക്കുന്നു. ജീവിതവിജയം കൈവരിക്കുന്ന സ്ഥലമോ,സന്ദർഭമോ ,ദൈവം, നമ്മുക്ക് വാശിയും ദൃഢനിഷ്ചയവുമായി മുന്നോട്ട് പോയാൽ ജീവിതത്തിന്റെ വിജയപതാക ഉയർത്താൻ സഹായിക്കുമെന്ന് തീർച്ചയാണ് .കൂടുതൽ വ്യക്തമാക്കാനായി മഹാന്മാരുടെ ജീവിതം പരിശോധിച്ചാൽ മതി

ഉദാഹരണത്തിന് നമ്മുക്ക് ഗാന്ധിജിയുടെ ജീവിതം തന്നെ സ്വാതന്ത്ര്യ സമരവേളയിൽ അദ്ദേഹത്തിന് ധാരാളം അക്രമങ്ങളും ത്യാഗങ്ങളും നേരിടേണ്ടി വന്നിട്ടിട്ടുണ്ട്. എന്നിട്ടും അദ്ദേഹം മണ്ണോടടുത്തെങ്കില് ഇന്നും ആയിരംകോടി ജനങ്ങളുടെ മനസ്സിൽ വിടാവിളക്കായി നിലകൊള്ളുന്നു മരണത്തിന് പോലും വിജയത്തിന്റെ പതാകയെ കീഴ്പ്പെടുത്താൻ സാധിക്കില്ല എന്ന ഗാന്ധിജിയുടെ ജീവീതം നമ്മൊടു പറയുന്നു.

ജീവിതത്തെ നമ്മുക്കൊരു മാലയായി സങ്കൽപ്പിക്കാം. നിങ്ങൾ കരുതും എന്തൊരു വിഢ്ഡിത്തമാണിതെന്ന്. ഞാനാദ്യമേ സമർത്ഥിച്ചിരുന്നു ഇതെന്റെ കിറുക്കുകളാണെന്ന്. ജീവീതം ഒന്നു ചിന്തിച്ചാൽ മുത്ത് മാലപോലെയാണ്. മാലയൊന്ന് വീണ്, ഒരു മുത്ത് പൊട്ടിയാൽ ആ മാലയൊക്കെ നശിച്ചു. അതുപോലെയാണ് ജീവിതവും, എവിടെയെങ്കിലും ചെറിയ പാളിച്ച സംഭവിച്ചാൽ മതി അതിന്റെ സന്തുലിതാവസ്ഥ തെറ്റും ജീവിതം നശിക്കും .മാലയുടെ നാശത്തെ ഒന്നുകൂടി ഓർക്കു .പണ്ടൊക്കെയായിരുന്നെങ്കിൽ ആ കുട്ടി പേടിച്ചു അമ്മയിടെ അടുത്ത് പോകുമായിരുന്നു . അമ്മമാര്മത് എട്ത്തുവെച്ച് പിന്നീട് സമയംകിട്ടുംമ്പോൾ കോർത്ത് പഴയരൂപത്തിൽ മാലയാക്കുമായിരുന്നു ഇന്നൊരു മാല പൊട്ടിയാൽ പിന്നീട് അതിന്റെ സ്ഥാനം ചവറ്റുകൊട്ടയിലാണ് . അതുപോലെ തന്നെയാണ് ജീവിതത്തിലെ പല ബന്ധങ്ങളും പണ്ടൊക്കെയായിരുന്നെങ്കിൽ അതെത്രപൊട്ടിയാലും അത് വീണ്ടും കോർത്തെടുക്കുമായിരുന്നു അന്ന് പണത്തിനും ബന്ധത്തിനും വിലയുണ്ടായിരുന്നു ഇന്നതില്ല ഇന്നാരും അറ്റ്പോയ മുത്തുമാലകളോ ബന്ധങ്ങഘളോ കോർക്കാൻ ശ്രുമിക്കാറില്ല ഏവരും പുതിയത് തേടി പോകുന്നു

ഇതൊക്കെയാണെങ്കിലും എപ്പൊഴെങ്കിലും നിങ്ങൾ ഓർത്തിട്ടുണ്ടൊ ജീ വിതത്തിന് കുമിളയുടെ ആയുസ്സേയുള്ളൂവെന്ന് എപ്പൊഴ

ദൈവം നമ്മുക്ക് സമയം വെച്ചതെന്നറിയില്ല .ജീവിതത്തിന്റെ  അനന്തവിഹായസ്സിലേക്കുള്ള യാത്രയിൽ നാം ധാരാളം പേരെ കണ്ടുമുട്ടും അവരൊടെല്ലാം സന്തോഷത്തോടും  വിനയത്തോടും ,കരുണയോടും പെരുമാറുക .ആ അനന്തമായ യാത്രയിൽ ധാരാളം സങ്കടങ്ങളും സന്തോഷങ്ങളുമുണ്ടാവും അവയെല്ലാം പുഞ്ചിരിയോടെ നേരിടുക .സങ്കടങ്ങളും സന്തോഷങ്ങളും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണെന്നല്ലേ പുഞ്ചിരിയോടെ നേരിട്ടാൽ പകുതി പ്രശ്ണങ്ങൾ അവിടെ അവസാനിക്കും പ്രശ്ണങ്ങളുണ്ടെന്ന് കരുതി ഒളിച്ചിരിക്കുന്നവരൊരിക്കലും ജീവിതവിജയം കൈവരിക്കാൻ സാധികും ധീരതയോടെ നേരിടുന്നവർക്ക് മാത്രമേ ജീവിതത്തിൽ വിജയ പതാക ഉയർത്താൻ സാധിക്കൂ  ജൂവിക്കാന ആഗ്രഹമാണെല്ലാവർക്കും പക്ഷെ ജീവിതവിജയം കൈവരിക്കുന്നവർ വളരെ ചുരുക്കം.

എന്റെ ഒരു കിറുക്കുകൂടി എഴുതി ഞാനിതവസാനിപ്പിക്കുന്നു ജീവിതം ഒരു യാത്രയാണ് ദുർഘടമായ വഴികളിലൂടെ സഞ്ചരിച്ച് വിജയകൊടി പാറിക്കാനുള്ള യാത്ര .ആ യാത്രക്കിടയിലെ വിനോദകേന്ദ്രമാണ് ഭൂമി . അവിടെ നാം പ്രവർത്തിക്കുന്നതെന്തും നമ്മുടെ സന്തോഷത്തിനും വിനോദത്തിനും വേണ്ടിമാത്രമാണ് കളിവീട്

പെട്ടെന്നൊരു നാൾ, ഓർക്കാപുറത്ത്. അതാ
വീട്ടുമുറ്റത്ത് തോണികൾ നിറയേ നാട്ടു...

സൈന്യക്കാരും. വീട് വെള്ളത്തിൽ മുങ്ങി കിടക്കുന്നു. അപ്പു നിശബ്ദനായി നിൽക്കുകയാണ്. അമ്മ തുണികളെല്ലാം പെട്ടികളിലേക്ക് എടുത്തുവെക്കുന്നു. വീടിന്റെ മുറ്റം നിറയേ വെള്ളം.അച്ഛമ്മ കിടന്നു പിറുപിറുക്കുകയായിരുന്നു. ചേച്ചി പതിയേ അപ്പൂവിന്റെ അടുത്തു ചെന്നു. അപ്പു അപ്പോഴും മൂകനായി നിൽകുകയായിരുന്നു. ശ്രദ്ധ അവന്റെ കളിവീടിൽ മാത്രം. അതാ പൊട്ടിപൊളിഞ്ഞു കിടക്കുന്നു. അവന്റെ സ്വപ്നങ്ങളെ തകർത്തുകളഞ്ഞു. ആ കളിവീട് ഒരു സ്മരണയായയരിക്കട്ടേ. തകർന്ന ജീവിതങ്ങൾക്ക്, പ്രത്യാശങ്ങൾക്ക്, സ്വപ്നങ്ങൾക്ക്.......

റിഷിക റെനിരാജ്

IX-C

# ക്രോധം വിനാശകാരിയാണ്.

ക്രോധം അഗ്നിക്ക് തുല്ല്യമാണ്. ആളിക്കത്തിയാൽ സകലതും ഇല്ലാതാകും. ഇന്ന് കുടുംബബന്ധങ്ങളിലും സമൂഹബന്ധങ്ങളിലും വിള്ളൽ സംഭവിക്കുന്നതിന് ഒരു പ്രധാനകാരണം നിയന്ത്രണാതീതമായ കോപമാണ്. മെരുക്കാൻ ഏറ്റവും പ്രായസമുള്ള ഒരു വികാരമാണ് കോപം. വിവേകിയായ മനുഷ്യൻ കോപത്തെ എളുപ്പം അടക്കിപ്പിടിക്കും. അതിവിവേകിയായ മനുഷ്യൻ പൊട്ടിത്തെറിക്കും. കോപം എന്നും വിനാശത്തിനെ വഴിയൊരുക്കൂ. ഇന്നത്തെക്കാലം ആർക്കും എങ്ങനെ കോപം അടക്കണമെന്ന് അറിയില്ല. പിഞ്ചുകുഞ്ഞങ്ങളെപോലും നിർദയം മർദിക്കുകയും മരണത്തിലേക്ക് തളളിപിടിക്കുകയും ചെയ്യുന്നു.ക്രോധം മക്കളാണ്, അമ്മയാണ്, അച്ഛനാണ് എന്ന ബോധമൊന്നുമില്ലാതെ ഓരോരുത്തരെ വേദനിപ്പിക്കാനും, വധിക്കാനും ഇടയൊരുക്കുന്നു. സ്നേഹത്തിന്റെയും വിത്തുകൾ മുളക്കേണ്ട മനുഷ്യമനസ്സിൽ ക്രോധം വിധക്കുന്നത് വിദ്വേഷത്തന്റെയും, വെറുപ്പിന്റെയും വാശിയുടേയും വിത്തുകളാണ്.

മതത്തിന്റെയും, ജാതിയുടേയും രാഷ്ട്രീയത്തിന്റെയും തമ്മിലടിക്കുകയും പകവെക്കുകയും എന്തിന് കുട്ടികളെ പോലും പകവെക്കുകയും കലഹത്തിന്റെ പാതയിലേക്ക് വലിച്ചിറക്കുന്ന ഈ സമൂഹത്തിൽ ക്രോധം

പരിത്യജിക്കാൽ അനിവാര്യമാണ്. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പാതയിലേക്ക് തിരിച്ചുവരലായിരിക്കണം നമ്മുടെ ലക്ഷ്യം.

ആമിന റുഷ്ദ
X-B

# നല്ല കാലം

മാവിൻ ചുവട്ടിൽ മാങ്ങപെറുക്കിയ നല്ല കാലം
കൂട്ടുകാരൊത്ത് കളിച്ചൊരാനല്ല കാലം
ഓണക്കാലത്ത് പൂക്കൾ പറിച്ചൊരാനല്ല കാലം
പൂമ്പാറ്റയെ പിടിക്കാൻ പോയൊരാ നല്ല കാലം
മഴയത്ത് തുള്ളിച്ചാടി രസിച്ചൊരാ നല്ല കാലം
കഴിഞ്ഞുപോയി ആ നല്ല കാലം...
തിരികെവരുമോ ആ നല്ല കാലം...
മാഞ്ഞുപോയി ആ നല്ല കാലം...

നീത്തു പി.പി
X-C

# പ്രകൃതി

പൊന്നിൻ നിറം ചാലിച്ച ആകാശം
സൂര്യന്റെ വരവിനെ സ്വീകരിച്ചു
മധുരമൂറും ഗാനത്തിൽ കിളികൾ
ചുറ്റും പറന്നുനടക്കുന്നു.
അതിന്റെ താളത്തിൽ വൃക്ഷലതാ-
ദികൾ നൃത്തച്ചുവടുവെക്കുന്നു.
ആരണ്യത്തിലെ തെളിനീരിൻ കളകള ശബ്ദം
ഒഴുകിയെത്തും പൂഞ്ചോലകൾ
പൂവിനെ ചിരിപ്പിക്കും മധുഭങ്ങളും
സുഗന്ധം പരത്തും തെക്കൻ കാറ്റും
വർണ്ണിക്കാൻ കഴിയില്ല പ്രകൃതി തൻ സൗന്ദര്യം
ഭൂമിദേവി തൻ ചാരുത ഈ ഗോളത്തെ
സുന്ദരിയാക്കുന്നു ഓരോ ദിനം തോറും
ഈ ഭംഗിയല്ലയോ നാം വെട്ടിനശിപ്പിച്ചീടുന്നത്!

പാർവതി സന്തോഷ്
IX-C

# പ്രളയാനന്തര കേരളം :- അഭിനവ കേരളത്തിൻ ശിൽപ്പികൾ നാം

- ഗായത്രി ലാൽജിത്ത്

2018 ആഗസ്റ്റ് മാസത്തിത് കേരളക്കരയെ മഹാപ്രളയം വിഴുങ്ങി.ജലത്താൽ ചുറ്റപ്പെട്ട ഈ നാട്ടിൽ എന്തു ചെയ്യണമെന്നോ, എങ്ങോട്ടോടണമെന്നോ അറിയാതെ സ്തബ്ധരായി നിന്നു, മനുഷ്യജീവിതങ്ങൾ. പെട്ടെന്നുദിച്ച അതിസങ്കീർണ്ണമായ സമസ്യയ്ക്ക് പരിഹാരം തേടാൻ പ്രകൃതി അനുവദിച്ചിട്ടില്ലായിരുന്നു.അതിജീവനത്തിന്റെയും സുരക്ഷയുടെയും വിലമതിക്കാനാവാത്ത പാഠങ്ങളാണ് നമ്മെ പ്രകൃതി ഒരൊറ്റ മാസമോ അതിൽക്കുറവ് സമയമോ കൊണ്ട് പഠിപ്പിച്ചത്.ജീവനും രക്തവും വിയർപ്പും കണ്ണീരും നൽകി പഠിച്ച ജീവിതപാഠങ്ങൾ.

ഉയർന്നുവരുന്ന ജലനിരപ്പ്. കുത്തിയൊലിക്കുന്ന ജലനിരപ്പിൽ ഒലിച്ചുപോയത് ,ഒഴുകിപ്പോയത് ഒന്നുരണ്ട് വീടുകളല്ല, സൗധങ്ങളല്ല, എന്നാൽ ഒരു ജനതയുടെ പ്രതീക്ഷകളാണ്, സ്വപ്നങ്ങളാണ്.കത്തുംവെയിലിനൊരാശ്വാസമായെത്തിയ മഴ മഹാമാരിയായി മാറി മനുഷ്യജീവനുകൾ

അപഹരിച്ചത്ചുരുങ്ങിയ സമയം കൊണ്ടാണ്.ഉഗ്രരൂപം പ്രാപിച്ച ജലം ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തെത്തി അവിടെ മഹാവിനാശം സൃഷ്ടിച്ചു.

സഹായത്തിന് കൈരളിയുടെ സന്താനങ്ങൾ കൈകൾ കോർത്തു.ജലനിരപ്പുയർന്നു, അതോടൊപ്പം മരണനിരക്കും. എന്നാൽ പ്രതീക്ഷ കൈവെടിയാതെ നാം പോരാടി. സ്വന്തം ജീവൻ നൽകിയും ഇതിനുമുൻപ് കാണാത്ത അറിയാത്ത സഹോദരങ്ങളുടെ കണ്ണുനീർ തുടയ്ക്കാനോടിയെത്തി.മലയാളനാടിന്റെ പുത്രീപുത്രൻമാർ കൈകോർത്തപ്പോൾ പിന്നീടുനടന്നത് ചരിത്രം. ഒത്തൊരുമയും കരരുണയും കൊണ്ട് ഭ്രാതാക്കൾക്ക്നാം സുരക്ഷയും പ്രദാനം ചെയ്തു.എന്നാലേ നാം രക്ഷിച്ച ജീവനുകളിൽ പലതും ഇന്നുംരണ്ടറ്റം കൂട്ടിമുട്ടിക്കാൻ പ്രയത്നിക്കുന്നു.ദൈവത്തിന്റെ നാടെന്നു വിശേഷിപ്പിക്കാൻ സാധിക്കുന്ന,സസ്യശ്യാമളമായ കൈരളിയെ വീണ്ടെടുക്കാനും അവരുടെ സന്താനങ്ങളുടെ സുരക്ഷയുറപ്പുവരുത്താനും നമുക്ക് പരിശ്രമിക്കാം. അതിജീവനത്തിന്റെ പാത തിരഞ്ഞെടുത്ത പുതിയൊരു കേരളത്തിന്റെ ശിൽപ്പികളാകാം.സഹോദരങ്ങൾക്ക് കൈത്താങ്ങാവാം. അഭിനവകേരളത്തിന്റെ ശിൽപ്പികളാവുക എന്നത് കേരളീയന്റെ ഉത്തരവാദിത്വമോ അവന്റെ ബാധ്യതയോ ചുമതലയോ അല്ല മറിച്ച് ജന്മനാടിനോടുള്ള സ്നേഹത്തിനൽ പ്രേരിതമായ കർത്തവ്യമാണെന്നുള്ളതാണ് വാസ്തവ

# ഒരു പ്രേമലേഖനം



ദിയ നഫ്സ സി

എന്റെ പ്രിയപ്പെട്ടവന്,

എന്റെ പ്രിയപ്പെട്ട പ്രാണനായകന് തന്റെ പ്രിയപ്പെട്ടൾ എഴുതുന്നത്.എന്റെ ജീവിതത്തിൽ ഞാൻ ആരെക്കാളും മതിമറന്ന് സ്നേഹിക്കുന്ന എന്റെ പ്രാണനായകന്. ആദ്യമൊക്കെ എനിക്ക് നിന്നോട് ഇഷ്ടമായിരുന്നു.പിന്നീടത് സ്നേഹമായി മാറി.ഒരു ഹരമായിമാറി.പക്ഷേ നിന്റെ സാമീപ്യം എന്നരികിൽ വേണമെന്ന് തോന്നിയപ്പോൾ നീ വരാത്തതത് എന്നേ ഒരേ സമയം ദു:ഖിപ്പിക്കുകയും കോപിപ്പിക്കകയിം ചെയ്യുന്നു.പ്രാണനായകാ, എനിക്ക് നിന്നോട് പരിഭവമാണ്.കാരണം നിനക്ക് ഞാൻ മാത്രമല്ലല്ലോ പ്രണയിനിയായിട്ടുള്ളത്.മറ്റുപലരുമില്ലേ.നീ എന്നെ സ്നേഹിക്കുന്നുണ്ടോ എന്നെനിക്കറിയില്ല. പക്ഷേ ഒന്നെനിക്കറിയാം.ഞാൻ നിന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്നു.

ഞാൻ പറയാം

എന്റെ നായകാ. ഏതൊരു പെണ്ണിനെയും അസൂയപ്പെടുത്തുന്നവനാണ് നീ.രത്നക്കല്ലുകളായി ജ്വലിച്ചുനിൽക്കുന്ന നിന്നെയാരാണ് ഇഷ്ടപ്പെടാത്തത്? പ്രകൃതി അമ്മയുടെ മരുമകളാവാൻ ആരാണ് ഇഷ്ടപ്പെടാത്തത്? അതെ എന്റെ പ്രിയതമൻ

നീയാണ്.മുത്തുകൾ പോലെ പരവതാനി വിരിച്ച ആകാശത്ത് നിന്ന് പൊഴിയുന്ന മഴയായ നീയാണെന്റെ പ്രാണനായകൻ.ഞാൻ കൂടുതൽ ഇഷ്ടപ്പെടുകയും അനുഭവിക്കുകയും സന്തോ്ഷിക്കുകയും ചെയ്യുന്ന നിമിഷം നീ വരുമ്പോഴാണ്.നിന്റെ അമ്മയായ കാർ മേഘങ്ങൾ വരുമ്പോഴേക്കും ഞാൻ ആഹ്ലാദപൂരിതയാവുന്നു.നിന്റെ ഓരോ മുത്തുമൊഴികൾ പതിക്കുമ്പോഴും എന്റെ ദേഹമാസകലം കുളിരണിയുന്നു.നിന്റെ സാമീപ്യം എന്നെ ഏറെ ആഹ്ലാദിപ്പിക്കുന്നു.എന്റെ പ്രാണനായകനായ നീ ഞാൻ കരയുമ്പോൾ എന്റെ കൂടെ കരയുന്നു. ചിലപ്പോൾ ഞാൻ കരയുന്നതാരും കാണാതിരിക്കാൻ ആകാശത്ത്നിന്നും കൂട്ടുവരുന്നു.

ഞാൻ നിന്നെ പ്രണയിക്കാൻ തുടങ്ങയിട്ട് കാലമേറെയായെങ്കിലും എത്രയോ അടുത്ത് പോയിരിക്കുന്നു.പ്രണയത്തുലുപരി മഴയെ നിന്നോട് അടുത്തിരിക്കുന്നു.മഴയേ വരൂ നിന്റെ പ്രിയതമ വിളിക്കുന്നു.നമുക്കൊന്നിച്ച് ജീവിക്കണം,ശോഭയാർന്ന ഭൂമിയിൽ.പ്രിയതമ, നീ എന്റെ മാത്രമല്ല മഹാപ്രപഞ്ചത്തിലെ സകല ചരാചരങ്ങളുടെയും മനസ്സും ശരീരവും ഒരുപോലെ കുളിരണിയിക്കുന്നു.പക്ഷേ നീ നിന്റെ മുത്തുകൾ പൊഴിക്കുമ്പേൾ ശ്രദ്ധിക്കണം.അധികമായാൽ വിഷമെന്നല്ലേ!ഞാൻ നിന്നെ ഈ പ്രപഞ്ചത്തോളം സ്നേഹിക്കുന്നു.എങ്കിലും എനിക്ക് പരിഭവമാണ്.നീ നിന്റെ മുത്തുകൾ പൊഴിച്ച് എന്റെ  നാടിനെ ദുരിതത്തിലാഴ്ത്തിയില്ലേ! അന്

നിന്നെ ശപിച്ചതിനാലാണോ പിന്നെ നീ അരികിൽ വരാത്തത്?

# മാഞ്ഞുപോയ ആ കാലം

പണ്ടാ മഴ വരും മുമ്പേ
ഓടിയമ്മ തുണികളെടുക്കാൻ
പുറകെയോടി ഞാൻ
മഴയിൽ കളിച്ചു രസിച്ചു.
വിദ്യാലയത്തിലേക്ക് പോകും
വഴിയിൽ കൂട്ടുകാർകൊപ്പം
തുമ്പിയെയും മീനിനേയും പിടിച്ചു
പുഴയിലും  കളിച്ചു രസിച്ചു.
മനുഷ്യർ പ്രകൃതിയെയും
പ്രകൃതി മനുഷ്യരെയും
സ്നേഹിച്ചു ജീവിച്ചു
ഏവരും സന്തോഷത്തിൽ...
കാലങ്ങളങ്ങനെ മാഞ്ഞു
തിരികെ വരാത്ത ആ കാലം
മനുഷ്യർ മാറി
ഒപ്പം പ്രകൃതിയും
മനുഷ്യർ പ്രകൃതിയെ
നോവിപ്പിച്ചു
എവിടെപ്പോയി ആ മഴ
മാഞ്ഞുപ്പോയാ ആ പുഴ.

അഫ്ര മിൻഹ
X-C

# മാറുന്ന മലയാളി

കേരളത്തിന്റെ സംസ്കാരം പുനർനിർമ്മിക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു. നൂറ്റാണ്ടുകൾക്കുമുമ്പ് ജാതിയ കൊടികുത്തിവാണ കേരള സമൂഹത്തിൽ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി പരിഷ്കരണപ്രസ്ഥാനങ്ങൾ തുടങ്ങി. ഇതിനിടയിൽ പലതും സ്വാധീനിച്ചു. കേരളം രൂപികരിച്ചതു തന്നെ ഭാഷ അ ടിസ്ഥാനത്തിലായിരുന്നു. മലയാളത്തിന്റെ തനിമ എപ്പോഴും നാം തന്നെ മറന്നുപോകുന്നു. സുഖങ്ങളുടെ പിന്നാലെപോയി നമ്മൾ  നമ്മുടെ തനിമയാണ് നഷ്ടപ്പെടുത്തിയത്. നദികൾ, പുഴകൾ,മലകൾ തുടങ്ങിയ ദൈവത്തിന്റെ സ്വന്തം നാടായ ഈ കേരളം ക്രൂരതകൾക്കൊണ്ട് നിറഞ്ഞിരിക്കുന്നു. മലയാളി അങ്ങനെ  മാറുകയാണ്. നമ്മുടെ സംസ്കാരത്തിൽനിന്ന് മാറുകയാണ്. പണ്ട് പണ്ട് മതവിഭാഗങ്ങൾ തമ്മിൽ നല്ല ഐക്യമായിരുന്നു. കുറച്ച് കഴിഞ്ഞു നാം പുതിയ സംസ്കാരത്തിലേക്ക് വഴുതി വീണു. മാതൃഭാഷയെ നമ്മൾ ഇഞ്ചിഞ്ചാക്കി കൊല്ലുന്നു. ഇംഗ്ലീഷ് പഠിക്കേണ്ടത് അത്യാവശ്യമാണ്. ലോകത്തിന്റെ വളർച്ചക്ക് അത് ആവശ്യമാണ്. പക്ഷേ നമ്മുടെ മലയാളഭാഷയിൽ നിന്ന് മാറിക്കൊണ്ടാക്കരുത്. കാലം മാറുമ്പോൾ മാറണം. എന്നാൽ അത് പാരമ്പര്യത്തെ തകർക്കരുത്. ലോകത്തിനു ഒപ്പം നമ്മളും മാറണം. പക്ഷേ നമ്മുടെ

തനിമയിൽനിന്ന് മാറരുത് എന്നു പറഞ്ഞ് നിർത്തുകയാണ്.

ആൻ റോസ് മാത്യൂ
X-B

# ഗുൽമോഹറുകൾ
# വീണ്ടും
# പൂക്കുമ്പോൾ

ഒന്ന്......രണ്ട്.....മൂന്ന്....
ഇറ്റുവീഴുന്ന മഴത്തുളികളെ എണ്ണുകയാണവൾ. കളങ്കമില്ലാതെ പൊഴിഞ്ഞുവീഴുന്ന
വെള്ളത്തുളികൾ കാണുമ്പോൾ, മനസ്സിലെ കറുപ്പ് മായുന്നതായി അയാൾക്ക് തോന്നും. പക്ഷേ, ഒരു മഴയ്ക്കും തണുപ്പിക്കാൾ കഴിയാത്തവണ്ണം പൊളിപ്പോയ തന്റെ ഹൃദയത്തിന്റെ ചൂടിനെ മറക്കാൻ മാത്രം, അയാൾ ക്കൊരിക്കലും കഴിഞ്ഞിരുന്നില്ല.

"ഡോ, രവി....” വാർഡനാണ്. ഒരിക്കലും ചിരിക്കാത്ത അയാളെ കാണുമ്പോൾ തന്നെ രവിയ്ക്ക് പേടിയാവും. "ഇന്നല്ലേ ഇറങ്ങുന്നേ? ഇതിനകത്തുതന്നെകൂടാനാണോ പരിപാടി?പോയി വല്ല പണിയുമെടുത്ത് ജീവിക്കാൻ നോക്ക്." പോവാനോ?എങ്ങോട്ട്? ആവോ, അറിയില്ല. ചുറ്റും നടക്കുന്നതിനെക്കുറിച്ച് രവിയ്ക്ക് എരു പിടിയുമുണ്ടായിരുന്നില്ല ആരൊക്കയോ തന്റെ വസ്ത്രം മാറ്റുന്നു, ഏതൊക്കയോ കടലാസുകളിൽ ഒപ്പുവയ്പ്പിക്കുന്നു....."തന്നെയിവർ എങ്ങോട്ടാണ് കൊണ്ടു പോകുന്നത്”? രവി ചിന്തിച്ചു.

ഭ്രാന്താശുപത്രിയുടെ വാതിലുകൾ തുറന്നു കിടന്നു.

മുന്നിൽ ,ഒരു ചെറുപ്പക്കാരൻ ഒരു കാറുമായി നിൽക്കുന്നത് അയാൾ കണ്ടു
തന്നെ ഇവരെന്തിനാണ് അയാളുടെ അടുത്തേക്ക് കൊണ്ടുപോക്കുന്നതെന്ന്  രവിക്ക് മനസ്സിലായില്ല
കുറച്ച് ശ്രദ്ധവേണം .ആൾ ഇടയ്ക്കിടെ വൈലന്റ് ആവാറുണ്ട്. വാർഡൻ ആ ചെറുപ്പക്കാരനോട് പറഞ്ഞു.
അയാൾ ഒന്നു ചിരിക്കുക മാത്രമേ ചെയ്തുള്ളു
അച്ഛന് എന്നെ മനസ്സിലായോ? അയാൾ രവിയോട് ചോദിച്ചു
െന്തു പറയണമെന്ന് അറിയാതെ ,അയാൾ കുഴങ്ങി നിന്നു
ഞാനാണ് അദ്വൈത് .
തലയ്ക്കടിയേറ്റതുപോലെ രവിയ്ക്ക് തോന്നി.
അദ്വൈത്.......അദ്വൈത്...........ആ പേര് മാത്രം കാതിൽ മുഴങ്ങികേട്ടു.ഇരുൾ മൂടിയ ഓർമ്മയുടെ ഉള്ളറകൾ തള്ളിതുറന്ന് മനസ്സ് പായുകയാണ് ..........

ഹരിയും അന്നയും തമ്മിലുള്ള പ്രണയത്തിൻ  ശക്തി കോളേജിളെ ചുമരുകൾക്കുപോലും അറിയാമായിരുന്നു . അവര് കണ്ണുകൾ കൊണ്ടെഴുതിയ കഥകക്കൊക്ക വശ്യമായ ഒരു ഭംഗിയുണ്ടായിരുന്നു അന്നയുടെ പേരുപറഞ്ഞു കളിയാക്കുമ്പോഴെല്ലാം  ഹരിയുടെ കവിളുകൾ ചുവക്കുന്നത് കാണാൻ രവിയ്ക്കിഷ്ടമായിരുന്നു .അപ്പോഴവൻ ഉറക്കെ പൊട്ടിച്ചിരിക്കും അവന്റെ ചിരിയായിരുനന്നു രവിയുടെ ബലം

പരീക്ഷകഴിഞ്ഞ ഉടനെ അന്നയുടെ വീട്ടുകാർ അവളെ വീട്ടിലേക്ക് പിടിച്ചുകൊണ്ടുപോയി അവളുടെ അച്ഛൻ ,സത്യക്രിസ്ത്യാനിയായ മാത്തച്ചായന് ഹരിയുടെ പേര് കേൾക്കുന്നതേ കലിയായിരുന്നു.അവളുടെ മിന്നുകെട്ടിന് തിയ്യതി കുറിച്ചുവെന്നറിഞ്ഞപ്പോൾ, ഹരി ആദ്യം തേടിയത് രവിയെയാണ്. “നീ പേടിക്കാതിരിയെടാ.അവളെ നമുക്കുപോയി വിളിച്ചുകൊണ്ടുവരാം.” രവി പറഞ്ഞു.

ആ ഒരൊറ്റ ധൈര്യത്തിന്റെ പുറത്താണ്, അന്നയെയും കൂട്ടി ഹരിയും രവിയും ഡൽഹിയ്ക്ക് വണ്ടി കയറിയത്.

ഗാന്ധിച്ചൗക്കിലെ ഗുൽ മോഹറുകൾ മുറതെറ്റാതെ പൂക്കുമായിരുന്നു. ചുവന്നയിതളുകൾ നിറഞ്ഞ ഇടവഴിയിലൂടെ ഹരിയും അന്നയും കൈക്കോർത്ത്പിടിച്ചുനടക്കുന്നത് കാണുമ്പോഴെല്ലാം, പൂക്കുന്നത് തന്റെ ഹൃദയമാണെന്ന് രവിയ്ക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്.പ്രശ്നമൊന്നുമില്ലെന്നുറപ്പുവരുത്തി, അവൻ നാട്ടിലേക്ക് തിരിച്ചുപോന്നത് ഒരുമാസത്തിനുശേഷമാണ്. തീവണ്ടിയിൽക്കയറി, അവർ കണ്ണിൽനിന്നുമായും വരെ, അവൻ കൈവീശികൊണ്ടിരുന്നു......

നാലുവർഷത്തിനുശേഷമാണ്, രവി പിന്നെ അവരെ കണ്ടത്. ജീവിതത്തിന്റെ കണക്കുകളൊക്കെ പിഴച്ച് താനൊറ്റയ്ക്കായന്നറിഞ്ഞപ്പോൾ രവി തകർന്നുപോയി. മരിക്കുന്നതിനുമുമ്പ് അവരെ ഒന്നു കാണണമെന്ന ആഗ്രഹവുമായാണ് ഡൽഹിയിലെത്തിയത്. “ഇനിയെങ്ങും പോണില്ല. ഇവിടെ നിക്കും, ഞങ്ങടെക്കൂടെ.” ഹരി നിർ ബന്ധിച്ചപ്പോൾ രവിയ്ക്ക് അനുസരിക്കാതിരിക്കാൻ കഴിഞ്ഞില്ല. അവന്റെ ഹൃദയം, കണ്ണുകളിലൂടെ ചാലിട്ടൊഴുകി. ഹരിയ്ക്കു പിന്നിൽ മറഞ്ഞുനിൽക്കുന്ന മൂന്നുവയസ്സുകാരനെ അവൻ വിളിച്ചു.

“മോന്റെ പേരെന്താണ്..?”

“അദുവയിദ് ”.പിണങ്ങിമാറിനിൽക്കുന്ന അക്ഷരങ്ങളെ ഒരുവിധത്തിൽ മെരുക്കിയെടുത്ത് അവൻ പറഞ്ഞു. അദ്വൈത്! ഒന്നായിതീരുന്നതിന്റെ അനിർവചനീയമായ ആഹ്ലാദത്തിന്റെ പേരുമായിനിൽക്കുന്ന കുഞ്ഞിനെ അവൻ വാത്സല്യത്തോടെ നോക്കി.

“നല്ല കുട്ടിയാണം ട്ടോ”. രവി പറഞ്ഞു.

കുഞ്ഞിന്റെ കണ്ണുകൾ ചിരിച്ചു.

വരിയായി നട്ട ഗുൽമോഹറുകൾക്കിടയിൽ ഒരു കൊച്ചുവീട്ടിൽ, അവർ ചിരികളും കരച്ചിലുകളും പങ്കിട്ടു. പക്ഷേ ആ സന്തോഷത്തിനും ആയുസ്സ് കുറവായിരുന്നു. മഴയുള്ള ഒരു ദിവസമായിരുന്നു അത്. അദ്വൈതിനെ സ്കൂളിൽ കൊണ്ടു ചെന്നാക്കാനായി രവി പോയതായിരുന്നു. തിരിച്ചുവന്ന് ഏറെ നേരം മുട്ടിയിട്ടും ആരും കതകു തുറന്നില്ല. മെല്ലെ ഒന്നു തള്ളിയപ്പോൾ വാതിൽ തുറന്നു. അകത്തേക്ക് കടന്നതും അവന്റെ കണ്ണിൽ ചുവപ്പ് കുത്തിക്കയറി. അന്നയും ഹരിയും ചോരയിൽ കുളിച്ച് കിടക്കുകയായിരുന്നു. പിൻവാതിലിലൂടെ, ആരോ ഓടുന്നത് അവൻ കണ്ടു.

“ഹരീ...” അവന്റെ നെഞ്ചിൽ നിന്നും ഒരു നിലവിളിയുയർന്നു.
ഒന്നും ചെ.്.ാനാകാതെ രവി മരവിച്ചുനിന്നു.
പിന്നെയെല്ലാം പെട്ടെന്നായിരുന്നു.പോലീസ് വരുന്നതും തന്നെ കൈയ്യാമം വച്ചുകൊണ്ടുപോകുന്നതും, ഒന്നുമവനറിഞ്ഞില്ല. ആദ്യം ജയിലിൽ, പിന്നെ ഭ്രാന്താശുപത്രിയിൽ.

ആശുപത്രിയിലെ സെല്ലിൽ കിടന്ന് അവൻ നിലവിളിക്കുമായിരുന്നു. അപ്പോഴെല്ലാം ഇടനാഴിയിലെ ഇരുട്ട്, തന്നെ വന്നു തൊടുന്നതായി അവനു തോന്നും. അതു മെല്ലെ കാലുകളില്ലൂടെ അരിച്ചുകയറി, നെഞ്ചിൽ പരക്കും. ആരുടെയൊക്കെയോ നിലവിളികൾ, അവന്റെ തൊണ്ടയിൽ വന്നു കുടുങ്ങികിടക്കും. കാലമെത്ര കഴിഞ്ഞു? മാസങ്ങൾ? വർഷങ്ങൾ?
അറിയില്ല. ഒന്നുമറിയില്ല.

“അച്ഛൻ എന്റെ കൂടെ വരണം.”
അദ്വൈതിന്റ വാക്കുകൾ, രവിയെ ഉണർത്തി.
അപ്പോഴാണയാൾ ശ്രദ്ധിച്ചത്. അവൻ തന്നെ അച്ഛനെന്നാണ് വിളിച്ചത്.
അച്ഛൻ!

മോനെ, നിന്റെ അച്ഛനാകാൻ മാത്രം യോഗ്യത എനിക്കില്ല.
എന്നോടു ക്ഷമിക്കൂ.....
“മോനെ, ഞാനല്ല. ഞാനല്ല. അത്....” വാക്കുകൾ കിട്ടാതെ രവി കുഴങ്ങി.
“എനിക്കറിയാം...എല്ലാമറിയാം....”
രവി അവന്റെ കണ്ണുകളിലേക്ക് നോക്കി. ഹരിയുടേത് പോലെ, കാറ്റൊഴിഞ്ഞ കടലിന്റെ നീലനിറം.
പൊയ്പ്പോയ ഒരു വസന്തം, തനിക്കുവേണ്ടി, അവന്റെ കണ്ണുകളിൽ
പൂക്കുന്നത്, രവി അറിഞ്ഞു.

-കൃഷ്ണ ബി. എസ്

X-A


PUZZLES

# CROSSWORD

| | | | | | |
|---|---|---|---|---|---|
| | | 2 | | 3 | |
| 1 | | | | | |
| | | | | | |
| | | | | | |
| | | | | | |
| 4 | | | | | |

## Across

**1-The word paternal refers to him**

**4-Entire or complete**

## Down

**1-Normally indicates freedom or when something costs nothing**

**2-One appeared at Jesus's birthday. Someone who is dazzlingly skilled at any field.**

**3-Make known to others.**

| | | | | | |
|---|---|---|---|---|---|
| | | 2S | | 3R | |
| 1F | A | T | H | E | R |
| R | | A | | V | |
| E | | R | | E | |
| E | | | | A | |
| 4T | O | T | A | L | |

-Gayatri Laljith

# FUNNY RIDDLES

1. Why are ghost bad liars?
Ans. Because you can see right through them.

2.What two things you can never eat for breakfast?
Ans. Lunch and breakfast

3.Why do bees hum?
Ans. They don't know the words

4.You can serve it, but never eat it! what is it?
Ans. A tennis ball

5.How do oceans say hello to each other?
Ans. They wave

-AYISHA ZIDHRA.K

# GALLERY

# PRAVESHANOTSAVAM





# ENVIRONMENT DAY








# SCHOOL CABINET INSTALLATION





THRO' DUTY TO GLORY

# FELICITATION








# ONAM





# KALOTSAVAM



# INDEPENDENCE DAY





THRO' DUTY TO GLORY

# EPILOGUE

This magazine is dedicated to our school. The editorial board of "Little Kites" has put in a lot of effort and hard work into this.

As a whole, we would like to thank our Little Kites teachers Miss Nina and Miss Baby John for encouraging us and providing us with support.

Secondly, we would like to thank all our Kite members for providing us with articles which really made this magazine special.

Thirdly, I would like to thank all our teachers.

Last but not the least, we thank Sr Nema who is the foundation of our school.

There may be people who we have forgotten and we thank you too.

We hope you enjoy this product of our efforts.

"Alone we can do so little,

together we can do so much."

## *OUR TEAM*

- GAYATRI LALJITH
- ANAMIKA
- RITHU MOHAN K
- ARCHANA AMIT NAIK
- PARVATHI SANTHOSH
- KADEEJA KATHOON
- RANIYA P
- GOPIKA K
- ANONA MANALI RATHEESH

**gracias !**